എന്നോ കേന്ദ്ര ഗവൺമെന്റ് രേഖാമൂലം സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടില്ല.

(ബി&സി) (എ) യുടെ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) കൊച്ചി മെട്രോറെയിൽ പദ്ധതിയുടെ അലൈൻമെന്റിന്റെ സർവ്വേ ജോലികൾ എറണാകുളം വില്ലേജൊഴികെ പൂർത്തിയായിരുന്നു. എന്നാൽ DMRC അലൈൻമെന്റിൽ മാറ്റം വരുത്തിയതിനാൽ ചില സ്ഥലങ്ങളിൽ സർവ്വേ ജോലികൾ പൂർത്തിയാക്കാനുണ്ട്. പൊന്നും വില നടപടികളും അടിയന്തര ഘട്ടത്തിൽ ഭൂമി ഏറ്റെടുക്കുന്നതും സംബന്ധിച്ച നടപടികളും പുരോഗമിക്കുന്നു.

(ഇ) കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചാൽ മാത്രമേ തുടങ്ങുവാൻ സാധിക്കുകയുള്ളു.

ധാതുനയത്തിലെ അപാകതകൾ പരിഹരിക്കാൻ നടപടി

23 (*533) ശ്രീ. എൻ. ശക്തൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി അംഗീകരിച്ച ധാതുനയത്തിന് എതിരെ എന്തൊക്കെ കാര്യങ്ങളിലാണ് പ്രതിഷേധവും എതിർപ്പുകളും ഉണ്ടായിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് വനത്തിന് 50 മീറ്റർ ചുറ്റളവിൽ ധാതുഖനനത്തിന് അനുമതി നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) നിലവിലെ വനസംരക്ഷണ നിയമവും കേന്ദ്ര വനനിയമവും ലംഘിക്കുന്ന തരത്തിൽ ധാതു ഖനനം നടത്താൻ പുതിയ ധാതുനയം കാരണമാകുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സർക്കാരിന്റെ പുതുക്കിയ ധാതു നയത്തിലെ അപാകതകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. എളമരം കരീം):

(എ) സംസ്ഥാനത്ത് പുതുതായി ധാതു നയം ഇനിയും അംഗീകരിച്ചിട്ടില്ല.

(ബി) ഇല്ല.

(സി & ഡി) നിലവിൽ 2007-ലെ വ്യവസായ വാണിജ്യ നയത്തിൽ പ്രസ്താവിച്ചിരിക്കുന്ന ഖനിജ നയമാണ് സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. വിവിധ കേന്ദ്ര സംസ്ഥാന വകുപ്പുകൾ, ഖനന മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, ക്വാറി ക്രഷർ ഉടമകളുടെ സംഘടനാ പ്രതിനിധികൾ

LIBRARY ARCHIVES Kerala Legislative Assembly

എന്നിവരുമായി കൂടിയാലോചിച്ച് തയ്യാറാക്കിയ കരട് നയം, അവരുമായി നടത്തിയ വിശകലനത്തിൽ ഉയർന്നുവന്ന പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചും ന്യൂനതകൾ പരിഹരിച്ചും ഭേദഗതി വരുത്തിയിട്ടുണ്ട്. പുതുക്കിയ കരട് നയം സർക്കാരിന്റെ പരിഗണനയിലാണ്.

സ്പോർട്സ് സർവ്വകലാശാല സ്ഥാപിക്കണമെന്ന സ്പോർട്ട്സ് കമ്മീഷൻ ശുപാർശ

24 (*534) ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കായികരംഗത്തിന്റെ സമഗ്ര പുരോഗതിക്കായി ഒരു സ്പോർട്ട്സ് സർവ്വകലാശാല സ്ഥാപിക്കണമെന്ന് സ്പോർട്ട്സ് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) സർവ്വകലാശാലയുടെ ആസ്ഥാനം എവിടെയായിരിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സ്പോർട്ട്സ് മെഡിസിൻ രംഗം കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാന സ്പോർട്ട്സ് മെഡിക്കൽ സയൻസ് ഇൻസ്റ്റിറ്റ്യൂട്ടും പഠനകേന്ദ്രവും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ ഇതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ?

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) ഉണ്ട്.

(ബി) പരിഗണനയിലാണ്.

(സി) ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

(ഡി&ഇ) പരിശോധിച്ചു വരുന്നു.

കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട പദ്ധതികൾ

25 (*535) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ അംഗീകരിച്ച കുട്ടനാട് പാക്കേജിൽ ജലവിഭവ വകുപ്പ് വഴി ചെയ്യേണ്ട പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly